(ബി) വയനാട് ജില്ലയിലെ ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷി നടപ്പിലാക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ മൂല്യവർദ്ധനവിനുള്ള പദ്ധതി 2013-14 പ്രകാരം 255.27533 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് മലബാർ റീജിയണൽ കോപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ മീനങ്ങാടിയിൽ ഒരു ഇഞ്ചി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

റബ്ബർ വില സ്ഥിരതാ ഫണ്ട്

148 (4185) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില സ്ഥിരതാ ഫണ്ട് ഉപയോഗിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നല്കുന്ന പദ്ധതിയിൽ സംസ്ഥാനത്ത് ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിനകം സബ്സിഡിയായി എത്ര റബ്ബർ കർഷകർക്ക് എത്ര രൂപ വീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സ.ഉ.(പി) നമ്പർ 207/2014/നി.വ. തീയതി 22-12-2014 പ്രകാരം അനുമതി ലഭിച്ച റബ്ബർ വിലസ്ഥിരതാ പദ്ധതി നികുതിവകുപ്പ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി കൃഷിവകുപ്പിന് രൂക വകയിരുത്തിയിരുന്നില്ല.

റബ്ബർ സംഭരണം

149 (4186) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി സർക്കാർ ചെലവഴിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരെ രക്ഷിക്കാനായി ഖജനാവിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിനായി ഫണ്ട് അനുവദിച്ചത് ;

(ഡി) സർക്കാരിന്റെ ഇടപെടൽമൂലം റബ്ബർ വില ഉയർത്താനോ, റബ്ബർ കർഷകരെ സാമ്പത്തികമായി സഹായിക്കാനോ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) ബജറ്റിൽ വകയിരുത്തിയ ഫണ്ടുകൊണ്ട് തന്നാണ്ടിലെ റബ്ബർ ഉൽപ്പാദനത്തിന്റെ എത്ര ശതമാനം സംഭരിക്കുവാൻ സാധിക്കുമെന്ന് ഉൽപ്പാദനം, വകയിരുത്തിയ ഫണ്ട്, വരുന്ന ചെലവ് ഇവയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ (2015-16) റബ്ബർ സംഭരണത്തിനായി കൃഷി വകുപ്പിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

(ബി) ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോഗ്രാമിന് 6 രൂപ നിരക്കിൽ കൈകാര്യചെലവ് അനുവദിക്കുന്നതിനായി 4 കോടി രൂപ 2013-14-ൽ കൃഷി വകുപ്പിൽനിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. 2014-15-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി 6 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതിപ്രകാരം നൽകിയിട്ടുണ്ട്.

(സി) റബ്ബർ സംഭരണത്തിനായി ഫണ്ട് അനുവദിച്ചത് സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനുമാണ്.

(ഡി) സർക്കാർ ഉത്തരവുപ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരണ നടപടികൾ സ്വീകരിച്ചതിലൂടെ വിപണിയിൽ റബ്ബറിന്റെ വിലയിടിവ് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഇ) റബ്ബർ കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതിനായി "റബ്ബർ ഉല്പാദന ഉത്തേജക പദ്ധതി" നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. [സ.ഉ.(പി) നമ്പർ 269/2015/ഫിൻ, തീയതി 3-7-2015]. 2015-16-ലെ ബഡ്ജറ്റിൽ 300 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം 20000 ടൺ റബ്ബർ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി പാക്കേജ്

150 (T4187) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പാക്കേജ് ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഈ പാക്കേജ് എന്നുവരെ നിലവിലുണ്ടായിരുന്നു ;

(ബി) ഇടുക്കി പാക്കേജിൽ ആകെ എത്ര രൂപയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചത് ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ; എത്ര രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു ;

(സി) അനുവദിച്ച തുക ചെലവഴിക്കാതെ നഷ്ടപ്പെടാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(ഡി) ഈ പാക്കേജിന്റെ കാലാവധി നീട്ടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്.

(ബി&സി) ഇടുക്കി പാക്കേജിന്റെ വിവിധ പദ്ധതികൾക്കായി അനുവദിച്ചത് 277.11 കോടി രൂപയും ചെലവഴിച്ചത് 237.11 കോടി രൂപയുമാണ്. ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചുവെങ്കിലും അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അനുവദിച്ച തുക നഷ്ടപ്പെടുന്നതിനുള്ള സാധ്യത വിരളമാണ്. പ്രധാന പ്രവൃത്തികളായ ഗ്രാമീണറോഡ് ഗതാഗതം, ചെക്ക് ഡാം നിർമ്മാണം, തണ്ണീർത്തട നിർമ്മാണം എന്നിവ പുരോഗമിച്ചുവരുന്നു. കേന്ദ്ര സ്കീമുകളുടെ മാനദണ്ഡങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

(ഡി) 15-1-2014-ൽ കൂടിയ സംസ്ഥാന ക്യാബിനറ്റ് യോഗം ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചതിന്റെ

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly